# योगिन: सर्वसेवका:

ഹരിപ്രസാദ്,വി.ടി.കടമ്പൂര്.

(പത്താം ക്ലാസിലെ സംസ്കൃതപാഠപുസ്തകത്തിലെ

പത്താമത്തെ പാഠത്തിന്റെ മലയാളവിവർത്തനം)

हस्तपुस्तकमध्येस्ति पाठस्यास्य विवर्त्तनम्।
अध्यापकानां सर्वेषाम् उपकाराय निर्मितम्।।१।।
तथाप्यहं करोम्यत्र हस्तेन लघुना परम्।
छात्राणामुपकाराय ह्यन्यदेकं विवर्त्तनम्।।२।।
अतोन्वयमुखेनैव वाक्यानामर्थपूर्त्तये।
अध्याहारादिना सर्वं विलिखामि यथामति।।३।।

...विवर्तक:

स्वामिन: तपोवनस्य तीर्थयात्राप्रसङ्गे विभिन्नबुद्धिगतय: विभिन्नश्रेणीका: बहव: जना: सन्दर्शनार्थिन: (सन्त:) तत्रापि सम्मिलिता: आसन्।

തപോവനസ്വാമിയുടെ തീർത്ഥയാത്രാവേളയിൽ വിഭിന്നരീതിയിൽ ചിന്തിക്കുന്നവരും നാനാതരത്തിലുള്ളവരുമായ ധാരാളം ജനങ്ങൾ സന്ദർശനമാഗ്രഹിച്ചുകൊണ്ട് അവിടെ വന്നുചേർന്നിരുന്നു.

तत: अत्र कश्चित् स्वामिनं धृष्टतया निस्सङ्कोचम् (एवम्) अप्राक्षीत्।

അനന്തരം അവിടെവെച്ച് ഒരാൾ സ്വാമിയോട് അഹങ്കാരത്തോടുകൂടി നാണമില്ലാതെ ഇങ്ങനെ ചോദിച്ചു.

विजनप्रदेशेषु निवसन्त: भवादृशा: किम् कुर्वन्ति ?

ആൾപാർപ്പില്ലാത്ത പ്രദേശങ്ങളിൽ താമസിച്ചുകൊണ്ട്താങ്കളെപ്പോലു-ള്ളവർ എന്താണ് ചെയ്യുന്നത്?

जनबहुलेषु अधस्तनदेशेषु यत्र कुत्रचिद् अवस्थाय देशशुश्रूषणपरं कर्म कुत: न कुर्वन्ति ?-इति।

ജനങ്ങൾ ധാരാളമുള്ള താഴെക്കിടയിലുള്ള പ്രദേശങ്ങളിൽ എവിടെ യെങ്കിലും താമസിച്ച് ദേശസേവനപരമായ പ്രവൃത്തി എന്തുകൊണ്ട്

ചെയ്യുന്നില്ല?

स्वामिन: विनम्रं प्रतिवचनम् एवम् आसीत्।

സ്വാമിയുടെ വിനയാന്വിതമായ മറുപടി ഇപ്രകാരമായിരുന്നു.

भवता सम्यक् स्मारितम्।

താങ്കൾ വേണ്ടവണ്ണം ഓർമ്മിപ്പിച്ചു.

वयम् अत्र स्थित्वा एव अस्मद्देशं सेवामहे।

ഞങ്ങൾ ഇവിടെ നിന്നുകൊണ്ടുതന്നെ നമ്മുടെ നാടിനെ സേവിക്കുന്നു.

अध्यात्मानुभवनिष्ठाभ्यास: अध्यात्मविद्योपदेश: च यत्र कुत्रापि स्थित्वा स्वानुभवमुखेन शास्त्रमुखेन च यत्किञ्चित् अस्माभि: क्रियते, (तदा) तेन यादृशी देशोपकृति: (सिद्ध्यन्ति), तादृशी (देशोपकृति:) केनचिद् अन्येन कर्मणा न सिद्ध्यन्ति।

ആത്മീയാനുഭവങ്ങൾക്കുവേണ്ടിയുള്ള നിഷ്ഠതെറ്റാതെയുള്ള അഭ്യാസവും ആത്മവിദ്യോപദേശവും, എവിടെയെങ്കിലും വസിച്ചുകൊണ്ട് സ്വന്തം അനുഭവത്തിലൂടെയും ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നരീതിയിലും അല്പം എങ്കിലും ഞങ്ങളാൽ അനുഷ്ഠിക്കപ്പെടുന്നു; അപ്പോൾ അതുകൊണ്ട് ഏതൊരുവിധത്തിലുള്ള ഉപകാരം നാടിനു ലഭിക്കുന്നുവോ അപ്രകാരമുള്ള ഉപകാരം മറ്റൊരു പ്രവൃത്തികൊണ്ടും നാടിനു ലഭിക്കുന്നില്ല.

दु:खाग्निसन्तप्ते अस्मिन् संसारे महान् सुरनदीह्रद: आत्मशान्ति: एव ।

ദുഃഖത്തീയിൽ ചുട്ടുനീറുന്ന ഈ പ്രാപഞ്ചികജീവിതത്തിൽ, ഗംഗയിലെ വലിയകയം (എന്നു വിശേഷിപ്പിക്കാവുന്നത്) ആത്മശാന്തിയെ മാത്രമാണ്.

(प्रत्यक्षे) वित्तपदादिसम्पादनविषयका अपि लौकिकप्राज्ञै: शास्त्रीयप्राज्ञै: च सर्वे पुरुषार्था: तदर्थम् एव क्रियन्ते ।

(പ്രത്യക്ഷത്തിൽ) ധനം, സ്ഥാനം എന്നിവ സമ്പാദിക്കുക എന്ന (ഭൗതിക) വിഷയങ്ങളിലൂന്നിയിട്ടാണെങ്കിൽ പോലും, ലൗകികകാര്യങ്ങളിൽ അറിവുള്ളവരാലും ശാസ്ത്രീയകാര്യങ്ങളിൽ അറിവുള്ളവരാലും എല്ലാ പുരുഷാർത്ഥങ്ങളും അനുഷ്ഠിക്കപ്പെടുന്നത് (ആത്യന്തികമായി) ആത്മശാന്തിക്കുവേണ്ടി മാത്രമാകുന്നു.

अहो! आत्यन्तिकी आत्मशान्ति: कुत्रापि अलभ्यमाना अमूल्यनिधि: इव सर्वस्पृहणीया (भवति)।

(എന്നാൽ) ആത്യന്തികമായിരിക്കുന്ന (ആ ) ആത്മശാന്തി ഒരിടത്തും ലഭിക്കാത്തതും അമൂല്യനിധിയെന്നപോലെ എല്ലാവരാലും അങ്ങേയറ്റം

ആഗ്രഹിക്കപ്പെടുന്നതുമാണ് (എന്നത്) ആശ്ചര്യം തന്നെ!

देववन्द्येन निजशान्तोपरतजीवनमात्रेण अनायासेन (सा आत्मशान्तिः) यदि जनैःलभ्यते तर्हि तेभ्यः महात्मभ्यः लोकानां अधिकतरकल्याण-कारिणः लोके के भवन्ती इति न वयं जानीमहे।

ദേവന്മാർപോലും മാനിക്കുന്നതും ശാന്തവും വിരക്തിവന്നതുമായ തന്റെ കേവലജീവിതംകൊണ്ടുമാത്രം അനായാസമായി ആ ആത്മശാന്തി ജനങ്ങൾക്ക് കൈവരിക്കാനാവുകയാണെങ്കിൽ ആ മഹാത്മാക്കളേക്കാളധികം ലോകർക്ക് ഹിതകാരികളായി മറ്റാരുണ്ട് ഈ നാട്ടിലെന്ന് ഞങ്ങൾ അറിയുന്നില്ല.

आत्मक्रीडाः आत्मरतयः तादृशाः महर्षयः पर्वतमस्तके, विविक्ते, गुहायां वा कुत्रापि निवसन्तु, ते खलु भुवनस्य अनर्घम्, अतिशोभनम् विभूषणम् इति विजानीहि-इति।।

ആത്മവിഷയത്തിൽ വിനോദിക്കുന്നവരും ആത്മാവിൽത്തന്നെ അഭിരമിക്കുന്നവരുമായ അത്തരം മഹർഷിമാർ കുന്നിൻമുകളിലോ ആൾപാർപ്പില്ലാതിടത്തോ ഗുഹയിലോ എവിടെയെങ്കിലും കഴിഞ്ഞുകൊള്ളട്ടെ, അവരാണ് ലോകത്തിന്റെ അമൂല്യവും അതിശോഭനവുമായ അലങ്കാരമെന്ന് അറിഞ്ഞാലും.

**  **  **  **

(കുറിപ്പ്- പാഠഭാഗത്തുള്ള ഒരു പദംപോലും വിട്ടുകളയാതെ അന്വയപൂർത്തിക്കുവേണ്ടി പദങ്ങൾ യഥാതഥം ക്രമീകരിച്ചുകൊണ്ടാണ് പാഠപുസ്തകത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്. ആശയപൂർത്തിക്കുവേണ്ടി മൂലപാഠത്തിലും വിവർത്തനത്തിലും അദ്ധ്യാഹരിച്ചുചേർത്തഭാഗങ്ങളാണ് ബ്രാക്കറ്റിൽ പച്ചനിറത്തിലുള്ള അക്ഷരത്തിൽ കൊടുത്തിരിക്കുന്നത്. )

ഹരിപ്രസാദ്,വി.ടി.കടമ്പൂര്
0497 2831656 / 9446431656
kalidasavidyapeedam@gmail.com
hariprasadvt1973 @gmail.com